# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 369

02-12-2014ൽ മറുപടിക്ക്

## വൈദ്യുതി മോഷണം

ചോദ്യം

ശ്രീ. എം .ഹംസ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും, വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും, വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി 13 ആൻറി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമേ സെക്ഷൻ സ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ്, റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നും മറ്റുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഈ സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തി പിഴ ഈടാക്കി വരുന്നു. വൈദ്യുതി ചോർച്ച തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും വൈദ്യുതി മീറ്ററിൻെറ കവർ തുറന്ന് വൈദ്യുതിമോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു.<br><br>എപിറ്റി സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നല്കിയിട്ടുണ്ട്. |
| (ബി) 01.07.2011 മുതൽ 31.10.2014 | (ബി) 01.07.2011 മുതൽ 31.10.2014 വരെ 6201 വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവരിൽ നിന്നും |

വരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചു; എന്ത് തുക പിഴ ഈടാക്കി; വിശദാംശം നൽകാമോ;

15.20 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**വിശദാംശം ചുവടെ ചേർക്കുന്നു.**

01.07.2011 മുതൽ 31.10.2014 വരെ കണ്ടുപിടിച്ച വൈദ്യുതി മോഷണ കേസുകൾ:-

| | |
|---|---|
| ദക്ഷിണ മേഖല | 1149 എണ്ണം |
| മദ്ധ്യ മേഖല | 1337 എണ്ണം |
| ഉത്തര മേഖല | 3715 എണ്ണം |
| ആകെ | 6201 മോഷണ കേസുകൾ |

01.07.2011 മുതൽ 31.10.2014 വരെ പിഴയായി ഈടാക്കിയ തുക:-

| | |
|---|---|
| ദക്ഷിണ മേഖല | 5.03 കോടി |
| മദ്ധ്യ മേഖല | 4.96 കോടി |
| ഉത്തര മേഖല | 5.20 കോടി |
| ആകെ | 15.19 കോടി രൂപ |

(സി) 01.07.2011 മുതൽ 31.10.2014 വരെ പാലക്കാട് ജില്ലയിൽ എത്ര വൈദ്യുതി മോഷണ കേസുകൾ രജിസ്റ്റർ ചെയ്തു. ആരുടെയൊക്കെ പേർക്കാണ് കേസ് എടുത്തത് വിശദാംശം നൽകാമോ?

(സി) 01.07.2011 മുതൽ 31.10.2014 വരെ പാലക്കാട് ജില്ലയിൽ 3 വൈദ്യുതി മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(1) ഇലക്ട്രിക്കൽ സെക്ഷൻ ഷൊറണൂറിൻെറ കീഴിൽ വരുന്ന കൺസ്യൂമർ നമ്പർ 1056 – ൽ നിന്നും 1,42,810 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും അത്രയും തുക ഈടാക്കുകയും ചെയ്തു. പ്രസ്തുത വൈദ്യുതി മോഷണത്തിന് ശ്രീമതി. അനിതയുടെ, (വൈഷ്ണവം റസിഡൻസി, ഷൊറണൂർ) പേരിൽ ഷൊറണൂർ പോലീസ് സ്റ്റേഷനിൽ FIR No.225/13.3.2013 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(2) കോട്ടത്തറ ഇലക്ട്രിക്കൽ സെക്ഷൻെറ കീഴിൽ വരുന്ന കൺസ്യൂമർ നമ്പർ 4577 – ൽ നിന്നും 3,93,687/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും, പ്രസ്തുത വൈദ്യുതി മോഷണത്തിനെതിരെ ശ്രീ. സെൽവരാജിനെതിരെ (നായിക്കർപ്പാടി, കോട്ടത്തറ) അഗളി പോലീസ് സ്റ്റേഷനിൽ FIR No.0540/01.11.2014 – ആയി ക്രിമിനൽ കേസ്

| | |
|---|---|
| | രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപഭോക്താവ് പിഴ തുക ഒടുക്കിയിട്ടില്ല.<br>(3) കരുണ ഹോസ്പിറ്റലിന്റെ ( കൺസ്യൂമർ നമ്പർ 1570 ഇലക്ട്രിക്കൽ സെക്ഷൻ മേലാമുറി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ